ടെലിഫോൺ : 0471-2512585/2638
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2512375, 2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# പാർലമെന്ററി പഠന പരിശീലന കേന്ദ്രം
# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം,
22.03.2017.

നമ്പർ : 3893 /സി.പി.എസ്.ടി എ 3/2016/നി.സെ.

## വിജ്ഞാപനം

വിഷയം :- കേരള നിയമസഭാ സെക്രട്ടേറിയറ്റ് - നിയമസഭാ മാധ്യമ അവാർഡ്- അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

..............

ജനാധിപത്യ വ്യവസ്ഥിതി നിലനിർത്തുന്നതിലും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിലും മാധ്യമങ്ങൾക്കുള്ള ഉത്തരവാദിത്വവും പ്രാധാന്യവും കണക്കിലെടുത്തും വാർത്തകൾ വസ്തുതാപരമായും ശരിയായ ദിശാബോധത്തോടെയും സമൂഹത്തിൽ എത്തിക്കുക എന്ന മാധ്യമധർമ്മത്തെ പ്രോത്സാഹിപ്പിക്കുന്നതിനും മാധ്യമങ്ങളുടെ പങ്കാളിത്തത്തോടെ പൊതുസമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകൾക്ക് കരുത്തേകുന്നതിനും മലയാളഭാഷയുടെയും സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും പരിപോഷണത്തിന് മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് അംഗീകരിച്ചും പാർലമെന്ററി നടപടികളെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് നിയമസഭാ നടപടികളെ സംബന്ധിച്ച റിപ്പോർട്ടിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുമായി മൂന്ന് വ്യത്യസ്ത വിഭാഗത്തിലുള്ള മാധ്യമ അവാർഡുകൾ താഴെപ്പറയും പ്രകാരം കേരള നിയമസഭ ഈ വർഷം ഏർപ്പെടുത്തിയിരിക്കുന്നു.

(1) 'ആർ. ശങ്കരനാരായണൻ തമ്പി മാധ്യമ അവാർഡ്' – മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിനുതകുന്ന മികച്ച മാധ്യമ സൃഷ്ടിക്കുള്ള അവാർഡ്;

(2) 'ഇ.കെ. നായനാർ മാധ്യമ അവാർഡ്' – പൊതു സമൂഹത്തെ സ്വാധീനിക്കുകയും പൊതുസമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത അന്വേഷണാത്മക മാധ്യമ റിപ്പോർട്ടിംഗിനുള്ള അവാർഡ്;

(3) 'ജി.കാർത്തികേയൻ മാധ്യമ അവാർഡ്' – നിയമസഭാ നടപടികൾ സംബന്ധിച്ച മികച്ച റിപ്പോർട്ടിംഗിനുള്ള അവാർഡ്.

- മേൽപറഞ്ഞ മൂന്ന് വിഭാഗങ്ങളിലും അച്ചടി -ദൃശ്യ മാധ്യമ വിഭാഗങ്ങൾക്കായി പ്രത്യേകം അവാർഡുകൾ (ആകെ ആറ് അവാർഡുകൾ) ഉണ്ടായിരിക്കും.
- 50000/- രൂപ, പ്രശസ്തിപത്രം, ഫലകം എന്നിവ അടങ്ങുന്നതാണ് ഓരോ അവാർഡും.
- 2017 -ലെ അച്ചടി മാധ്യമ വിഭാഗത്തിലുള്ള അവാർഡിനായി സമർപ്പിക്കുന്ന റിപ്പോർട്ട്/ഫീച്ചർ/ലേഖനം എന്നിവ മലയാളത്തിലുള്ളതും കേരളത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്നതും 2016 ജനുവരി 1 നും 2016 ഡിസംബർ 31-നും ഇടയിൽ ആദ്യമായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമായിരിക്കേണ്ടതാണ്.

- 2017 -ലെ ദൃശ്യ മാധ്യമ അവാർഡിനായി സമർപ്പിക്കുന്ന റിപ്പോർട്ട്/ ഷോർട്ട് ഫിലിം/ പരിപാടി മലയാളത്തിലുള്ളതും 2016 ജനവരി 1 നും 2016 ഡിസംബർ 31 നും ഇടയിൽ ആദ്യമായി സംപ്രേഷണം ചെയ്തിട്ടുള്ളതും ആയിരിക്കേണ്ടതാണ്.
- മാധ്യമ അവാർഡ് നൽകുന്നത് സംബന്ധിച്ച എല്ലാ നടപടികളും നിയമസഭാ മാധ്യമ അവാർഡ് സ്കീം-2017-ലെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

അവാർഡിനായി അപേക്ഷ സമർപ്പിക്കാനാഗ്രഹിക്കുന്നവർ, അവർ പരിഗണനയ്ക്ക് സമർപ്പിക്കുന്ന റിപ്പോർട്ടുകൾ/ഫീച്ചറുകൾ/ലേഖനങ്ങൾ/ടെലിവിഷൻ പരിപാടിയുടെ ഡി.വി.ഡി (5 കോപ്പികൾ വീതം) എന്നിവയും, റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചത്/സംപ്രേഷണം ചെയ്തത് സംബന്ധിച്ച് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റും സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ 2017 ഏപ്രിൽ 5 - നകം സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

അവാർഡിനെ സംബന്ധിച്ച വിശദമായ സ്കീമും അപേക്ഷാ ഫാറവും കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamsabha.org-യിൽ ലഭ്യമാണ്.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.